# തെങ്ങോളം ഉയരത്തിൽ ഈ ചങ്ങാതിപ്പെരുമ

## ■ തെങ്ങിൻെറ ചങ്ങാതിക്കൂട്ടം പരിശീലനം രണ്ടാം വർഷത്തിലേക്ക്
## ■ പരിശീലനം പൂർത്തിയാക്കിയത് 6000 പേർ

അനു എബ്രഹാം

**കോട്ടയം**: മുനീഫ് വേങ്ങര. വയസ്സ് 19. മൊബൈൽ നമ്പർ 8086164975. ഉസ്മാൻ ആനക്കയം വയസ്സ്20. മൊബൈൽ 9048267788. കേരളത്തിലങ്ങോളമിങ്ങോളം ഇതുപോലെ 5990 പേരും ഫോൺ നമ്പറുകളും. തൊടിയിലെ തേങ്ങ പാകമായി കൊഴിയാൻ കാത്തിരിക്കേണ്ട... നിങ്ങൾക്കും വിളിക്കാം ഈ നമ്പറുകളിൽ. നീല പാൻറും ടീഷർട്ടും തൊപ്പിയുമണിഞ്ഞ ചങ്ങാതിക്കൂട്ടം തേങ്ങയിടാൻ നിങ്ങളുടെ തോപ്പിലെത്തും.

നാളികേര വികസനബോർഡിൻെറ ആഭിമുഖ്യത്തിൽ തുടങ്ങിയ തെങ്ങുകയറ്റ പരിശീലനപരിപാടി 'തെങ്ങിൻെറ ചങ്ങാതിക്കൂട്ടം' ഒരു വർഷം പൂർത്തിയായി.

കഴിഞ്ഞവർഷം ആഗസ്റ്റ് 17ന് ആണ് സംസ്ഥാനത്ത് പരിശീലനം തുടങ്ങിയത്. ഒരുവർഷത്തിനിടെ 276 ബാച്ചുകളിലായി 5990 പേരാണ് തെങ്ങുകയറ്റക്കാരായി പുറത്തിറങ്ങിയത്. ഇതിൽ 393 'തെങ്ങുകയറ്റക്കാരി'കളും ഉണ്ട്. ബി.ടെക് ബിരുദധാരിയായ തൃശ്ശൂർ അമലനഗറിലെ മനോജ് തൊട്ട് സ്കൂൾ സർട്ടിഫിക്കറ്റിൻെറ തിളക്കമില്ലാത്തവർ വരെ ഈ കൂട്ടത്തിൽപ്പെടും. കൽപ്പവൃക്ഷത്തിൻെറ ഉയരത്തിന് മുന്നിൽ ഇവയെല്ലാം സമം. ഇവർക്കുള്ള തെങ്ങുകയറ്റയന്ത്രം ബോർഡ് സൗജന്യമായി നൽകി.

തെങ്ങുകയറ്റം പഠിക്കാനെത്തിയവരിൽ മുമ്പന്മാർ തിരുവനന്തപുരത്തുകാരാണ്. ജില്ലയിൽ നിന്ന് 647 പേർ ചങ്ങാതിക്കൂട്ടത്തിൽ അംഗങ്ങളായി. രണ്ടാംസ്ഥാനം കോഴിക്കോടിനാണ്; 609 പേർ. തൊട്ടുപിന്നാലെ കണ്ണൂരും മലപ്പുറവുമുണ്ട്. ഈ ജില്ലകളിൽനിന്ന് 550 പേർ വീതം തെങ്ങുകയറ്റം പഠിച്ച് മിടുക്കരായി. മലപ്പുറത്ത് മൂന്നുമാസം വൈകിയാണ് പദ്ധതി തുടങ്ങിയതെങ്കിലും മികച്ച പ്രതികരണമാണെന്ന് പരിശീലനത്തിൻെറ ചീഫ് കോ-ഓർഡിനേറ്റർ മിനി മാത്യു പറയുന്നു. 'ഗ്രാമീണമേഖലയിൽ 10 രൂപയും നഗരത്തിൽ 15 രൂപയുമാണ് ഒരു തെങ്ങ് കയറുന്നതിന് വാങ്ങുന്നത്. രാവിലെ ഏഴുമണിമുതൽ 12 മണിവരെയാണ് സാധാരണ പണിയെടുക്കാറ്. 700 മുതൽ 1000 രൂപവരെ പ്രതിദിനം ലഭിക്കും. പലപ്പോഴും ലഭിക്കുന്ന ഓർഡറിനനുസരിച്ച് ഓടിയെത്താൻ കഴിയാറില്ല. അത്രസ്സാണ് ആവശ്യക്കാർ...' നാളികേര വികസന ബോർഡിൻെറ വെബ്സൈറ്റിൽ നിങ്ങളുടെ പ്രദേശത്തെ തെങ്ങിൻെറ ചങ്ങാതിമാരുടെ പേരും മേൽവിലാസവും ഫോൺ നമ്പറും ലഭിക്കും.



പഞ്ചായത്തിൻെറ പേര് ടൈപ്പ് ചെയ്തുകൊടുത്താൽ മാത്രം മതി. പദ്ധതി തുടരുന്നതോടൊപ്പം പരിശീലനം കഴിഞ്ഞവർക്ക് ബൈക്ക് ലഭ്യമാക്കാനും ബോർഡ് ലക്ഷ്യമിടുന്നു. സംസ്ഥാന സർക്കാരിൻെറയും യൂണിയൻബാങ്കിൻെറയും സഹകരണത്തോടെയായിരിക്കും പദ്ധതി.